# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2775 07.12.2018 -ന് മറുപടിയ്ക്ക്

## പിന്നോക്ക സമുദായ ക്ഷേമവകുപ്പ് നൽകി വരുന്ന ധനസഹായങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പി. സി. ജോർജ് :** | **ശ്രീ. എ. കെ. ബാലൻ**<br>(പട്ടികജാതി - പട്ടികവർഗ്ഗ പിന്നാക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി) |
| (എ) പിന്നോക്ക സമുദായ ക്ഷേമവകുപ്പ് നൽകി വരുന്ന ധനസഹായങ്ങൾ എന്തൊക്കെയാണ് ; വിശദമാക്കുമോ ; | (എ) പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധം - 1 ആയി ചേർക്കുന്നു. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര രൂപയുടെ ധനസഹായ വിതരണം നടത്തിയിട്ടുണ്ട് ; ജില്ല തിരിച്ച് ഓരോ പദ്ധതിക്കും നൽകിയ കണക്കുകൾ ലഭ്യമാക്കുമോ ; | (ബി) വകുപ്പ് നടപ്പിലാക്കുന്ന സ്കോളർഷിപ്പ് പദ്ധതികൾക്ക് ജില്ല തിരിച്ച് കണക്കുകൾ ശേഖരിക്കുന്നില്ല. ഇവയുടെ സംസ്ഥാന തലത്തിലെ ചെലവ് അനുബന്ധം - 2 (എ) ആയും മറ്റ് പദ്ധതികളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധം - 2 (ബി) ആയും ചേർക്കുന്നു. |
| (സി) പിന്നോക്ക സമുദായ ക്ഷേമവകുപ്പിൽ എത്ര സ്ഥിരം ജീവനക്കാർ ഉണ്ട് ; ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്ന എത്രപേർ ഉണ്ട് ; ഇത് സംബന്ധിച്ച കണക്കുകൾ ലഭ്യമാക്കുമോ ; | (സി) പിന്നാക്ക വിഭാഗ വികസന വകുപ്പിൽ 26 തസ്തികകൾ നിലവിലുണ്ട്. അതിൽ 20 സ്ഥിരം ജീവനക്കാർ ഉണ്ട്. 2 ഡെപ്യൂട്ടി ഡയറക്ടർ തസ്തികകളിൽ അധിക ചുമതല വകുപ്പിലെ ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. ഡെപ്യൂട്ടേഷൻ വഴി 1 തസ്തികയിൽ ഒരാളും ജോലി ചെയ്തുവരുന്നു. |
| (ഡി) പ്രസ്തുത വകുപ്പിന് കീഴിൽ എത്ര താൽക്കാലിക ജീവനക്കാർ ജോലി ചെയ്യുന്നുണ്ട് ; പ്രസ്തുത ജീവനക്കാരെ ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് നിയമിച്ചിരിക്കുന്നത് ; വിശദമാക്കുമോ ? | (ഡി) മൂന്ന് തസ്തികകളിൽ ദിവസവേതനത്തിൽ താൽക്കാലിക ജീവനക്കാർ ജോലിചെയ്തു വരുന്നു. വകുപ്പിലെ, പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിരിക്കുന്ന ഒഴിവുകളിൽ നിയമന ശിപാർശ നൽകിയവർ ജോയിൻ ചെയ്യാത്ത സാഹചര്യത്തിൽ ക്ലാർക്ക് തസ്തികയിൽ ഒരാളും ഡ്രൈവർ തസ്തികയിൽ ഒരാളും ദിവസവേതനാടിസ്ഥാനത്തിലാണ് ജോലിചെയ്യുന്നത്. വകുപ്പ് ഡയറക്ടറേറ്റിലെ ഓഫീസ് അറ്റൻഡന്റ് മെഡിക്കൽ ഗ്രൗണ്ടിൽ ശൂന്യവേതനാവധിയിൽ പ്രവേശിച്ചതിനെ തുടർന്ന് ഓഫീസ് അറ്റൻഡന്റ് ആയും ഒരാൾ ജോലി ചെയ്തു വരുന്നു. പി.എസ്.സി. നിയമനം നടക്കുന്ന മുറയ്ക്ക് ദിവസവേതനക്കാരെ ഒഴിവാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം - 1

<u>പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ</u>

| ക്രമ നമ്പർ | പദ്ധതിയുടെ പേര് |
|---|---|
| 1 | ഒ.ഇ.സി. പോസ്റ്റ്മെട്രിക് |
| 2 | ഒ.ഇ.സി. പ്രീമെട്രിക് |
| 3 | ഒ.ബി.സി. പോസ്റ്റ്മെട്രിക് (100% CSS) |
| 4 | ഒ.ബി.സി. പ്രീമെട്രിക് (50% CSS ) |
| 5 | ഒ.ബി.സി. പോസ്റ്റ്മെട്രിക് ഹോസ്റ്റൽ |
| 6 | ഓഫീസ് ഓട്ടോമേഷൻ |
| 7 | ഓവർസീസ് സ്കോളർഷിപ്പ് (വിദേശപഠനം) |
| 8 | എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം |
| | a) മെഡിക്കൽ എഞ്ചിനീയറിംഗ് എൻട്രൻസ്/ബാങ്കിംഗ്/ സിവിൽ സർവ്വീസ പരിശീലനത്തിനുള്ള ധനസഹായം |
| | b) UGC/NET/JRF, GATE/MAT പരീക്ഷാ പരിശീലനത്തിനുള്ള ധനസഹായം |
| | c) ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട അരിവാൾ രോഗികൾക്കുള്ള സ്വയംതൊഴിൽ ധനസഹായ പദ്ധതി |
| | d) ഒ.ബി.സി. വിഭാഗത്തിൽ പ്രൊഫഷണലുകൾക്ക് സ്റ്റാർട്ട് അപ് സംരംഭം തുടങ്ങുന്നതിന് ധനസഹായം |
| 9 | പരമ്പരാഗത മൺപാത്ര തൊഴിലാളികൾക്കുള്ള ധനസഹായം |
| 10 | അഡ്വക്കേറ്റ്സ് ഗ്രാന്റ് |
| 11 | കരിയർ ഇൻ ഓട്ടോമൊബൈൽ ഇൻഡസ്ട്രി |
| 12 | ബാർബർഷോപ്പ് നവീകരണം |
| 13 | വിശ്വകർമ്മ പെൻഷൻ |
| 14 | ടൂൾകിറ്റ് ഗ്രാന്റ് |

P-7c1

സെക്ഷൻ ഓഫീസർ

അനുബന്ധം - 2 (എ)

<u>സംസ്ഥാനതലം</u>

(തുക ലക്ഷത്തിൽ)

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | | |
|---|---|---|---|---|
| | | **2016-17** | **2017-18** | **2018-19** നവംബർ 30 വരെ |
| 1 | ഒ.ബി.സി. പ്രീമെട്രിക് | 3200 | 2865 | 0 |
| 2. | ഒ.ബി.സി. പോസ്റ്റ്മെട്രിക് | 2522 | 3106.14 | 2009.83 |
| 3. | ഒ.ഇ.സി. പ്രീമെട്രിക് | 2014.06 | 1763 | 1618.44 |
| 4. | ഒ.ഇ.സി. പോസ്റ്റ്മെട്രിക് | 19636.5 | 31293 | 22240 |
| 5. | ഓവർസീസ് സ്കോളർഷിപ്പ് | 100 | 95.75 | 20.37 |
| 6. | എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം | 550 | 539.83 | 42.14 |
| 7. | വിശ്വകർമ്മ പെൻഷൻ | 0 | 16.5 | 21.42 |
| 8. | അഡ്വക്കേറ്റ്സ് ഗ്രാന്റ് | 10.35 | 12 | 11.41 |

സെക്ഷൻ ഓഫീസർ

അനുബന്ധം-2 (ബി)

## ജില്ല തിരിച്ചുള്ള കണക്കുകൾ

(തുക ലക്ഷത്തിൽ)

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | Year | TVM | KLM | PTA | ALP | KTM | IDU | EKM | THR | PKD | MLP | KKD | WND | KNR | KSD |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | ബാർബർഷോപ്പ് | 2016-17 | 14.4 | 11.15 | 7.65 | 17.25 | 9.15 | 14.02 | 14.77 | 15.55 | 26.35 | 12.05 | 19.3 | 1.7 | 6.8 | 0.3 |
| | | 2017-18 | 17.47 | 11.85 | 3.1 | 11.1 | 11.22 | 1.72 | 3.47 | 6.85 | 20.65 | 9.95 | 12.8 | 1.65 | 5.15 | 2.95 |
| | | 2018-19 | 4.45 | 0.8 | 2.8 | 0.5 | 1 | 0.6 | 0.7 | 1.2 | 1.5 | 0.7 | 1.5 | 0 | 0.3 | 0.3 |
| 2 | ടൂൾകിറ്റ് ഗ്രാന്റ് | 2016-17 | 8.4 | 47.7 | 9.6 | 21 | 7 | 11.2 | 45.1 | 3.9 | 36.4 | 36.7 | 10.4 | 1.8 | 5.4 | 5.4 |
| | | 2017-18 | 14.2 | 35.2 | 2.5 | 29.4 | 2.3 | 8.2 | 38.13 | 4.4 | 65.3 | 69.6 | 17.7 | 4.6 | 9.2 | 9.2 |
| | | 2018-19 | 12.9 | 34.3 | 4.5 | 19.14 | 4.1 | 16.06 | 27.99 | 1.79 | 37.5 | 37.64 | 4.09 | 2.4 | 5.25 | 1.29 |
| 3 | മൺപാത്ര നിർമ്മാണം | 2016-17 | | - | - | - | - | - | 2 | - | 97.75 | 37.75 | 26 | 4.5 | 2 | 9.75 |
| | | 2017-18 | 1 | - | - | - | - | - | - | 7.7 | 34.25 | 5.5 | 2.25 | 2.25 | - | - |
| | | 2018-19 | - | - | - | - | - | - | - | - | - | - | - | - | - | - |

സെക്ഷൻ ഓഫീസർ